പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6754

12.07.2012-ലെ മറുപടിയ്ക്ക്

**അങ്കമാലി വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) | അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബന്ധപ്പെടുത്തി ലാൻഡ് അക്വിസിഷൻ നടപടി ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)33795/2010 കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) & ബി) | ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിന്മേൽ കിൻഫ്ര വിശദമായ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. കേസ് വേഗം തീർപ്പാക്കണമെന്ന് അഡ്വക്കേറ്റ് മുഖാന്തിരം ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേസ് ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിലും ഡിവിഷൻ ബഞ്ചിലും നിലവിലുള്ള പൊതു താൽപ്പര്യ ഹർജികൾ ഉൾപ്പെടെയുള്ള കേസുകളുമായി ചേർത്ത് പൊതു തീരുമാനത്തിനായി പ്രസ്തുത റിട്ട് പെറ്റീഷനുകൾ കോടതിയിൽ മാറ്റി വച്ചിരിക്കുകയാണ്. |
| ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | | |
| സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും പദ്ധതി നടപ്പാക്കുന്നതിലും ഉള്ള നയപരമായ നിലപാട് വ്യക്തമാക്കുമോ? | (സി) | അക്വിസഷനെതിരായി പദ്ധതി പ്രദേശത്തോട് ചേർന്ന് കൃഷി സ്ഥലവും വീടും ഉള്ളവരും കർഷകരും കർഷക തൊഴിലാളികളും അടങ്ങുന്ന ആൾക്കാർ സമർപ്പിച്ച ഭീമ ഹർജി സർക്കാരിന് ലഭിച്ചിട്ടുണ്ട്. മാത്രമല്ല ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി തണ്ണീർത്തട സംരക്ഷണ നിയമത്തിൻെറ പരിധിയിൽ വരുന്നതുമാണ്. ആയതിനാൽ ഹൈക്കോടതി ഉത്തരവിൻേറയും തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ പ്രശ്നം പരിശോധിച്ചു മാത്രമേ ഇക്കാര്യത്തിൽ അന്തിമ തിരുമാനം എടുക്കുവാൻ കഴിയൂ. |

Haleem Keeth

സെക്ഷൻ ഓഫീസർ